REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 29-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് വൈകിട്ട് തിരുവനന്തപുരത്തെത്തും.
- ഉത്പാദനം വർദ്ധിപ്പിക്കാനും സുഗമ സംരംഭങ്ങൾക്ക് അവസരം ഒരുക്കാനും പ്രധാനമന്ത്രി നരേന്ദ്രമോദി സംസ്ഥാനങ്ങളെ ആഹ്വാനം ചെയ്തു.
- എറണാകുളം അടക്കം ദക്ഷിണ റെയിൽവെയിലെ മൂന്ന് പ്രമുഖ സ്റ്റേഷനുകളെ വിപുലമായ വികസനത്തിന് തെരഞ്ഞെടുത്തു.
- അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രീലോഞ്ച് ഗവേഷക സംഗമം ഇന്ന്.
- ഇന്ത്യാ - ശ്രീലങ്ക വനിതാ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരത്തിൽ ഇന്ത്യയ്ക്ക് 30 റൺസ് വിജയം.

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ രണ്ട് ദിവസത്തെ സന്ദർശനത്തിന് വൈകിട്ട് തിരുവനന്തപുരത്തെത്തും. മൂന്ന് സംസ്ഥാനങ്ങളിലെ സന്ദർശനത്തിന്റെ ഭാഗമായി പുതുച്ചേരിയിൽ പൗരസ്വീകരണത്തിലും ഭാരതിയാർ പ്രതിമ അനാവരണ ചടങ്ങിലും സ്മാർട്ട് സിറ്റി മിഷന്റെ ഭാഗമായ ഭവന പദ്ധതി ഉദ്ഘാടനത്തിലും അദ്ദേഹം പങ്കെടുക്കും. പുതുച്ചേരി സർവകലാശാലയുടെ 30-ാം ബിരുദദാന സമ്മേളനത്തിൽ മുഖ്യാതിഥിയായും അദ്ദേഹം സംബന്ധിക്കും.

വൈകിട്ട് ആറരയോടെ അദ്ദേഹം തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിൽ എത്തും. പാളയം LMS-ൽ ട്രിവാൻഡ്രം ഫെസ്റ്റിലെ സ്നേഹ സംഗമം പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

നാളെ രാവിലെ വർക്കല ശിവഗിരി തീർത്ഥാടനം CP രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് പ്ലാറ്റിനം ജൂബിലി സമാപന പരിപാടിയിലും അദ്ദേഹം പങ്കെടുക്കും. ഉച്ച കഴിഞ്ഞ് ഉപരാഷ്ട്രപതി തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്നു മധുരയ്ക്ക് യാത്രയാകും.

✪✪✪

ഉത്പാദനം വർദ്ധിപ്പിക്കാനും സുഗമ സംരംഭങ്ങൾക്ക് അവസരം ഒരുക്കാനും പ്രധാനമന്ത്രി നരേന്ദ്രമോദി സംസ്ഥാനങ്ങളോട് ആഹ്വാനം ചെയ്തു. ഇന്ത്യയെ ആഗോള സേവന രംഗത്തെ നേതൃനിരയിലെത്തിക്കാനും ശ്രമിക്കണമെന്ന് അദ്ദേഹം ന്യൂഡൽഹിയിൽ ചീഫ് സെക്രട്ടറിമാരുടെ അഞ്ചാമത് ദേശീയ സമ്മേളനത്തിന്റെ സമാപന ചടങ്ങിൽ ആവശ്യപ്പെട്ടു.

ഡെസ്ക് റിപ്പോർട്ട്

.......വോയ്സ്.........

ഇന്ത്യ അടുത്തു തന്നെ ദേശീയ ഉത്പാദന ദൗത്യത്തിന് തുടക്കമിടുമെന്നും എല്ലാ സംസ്ഥാനങ്ങളും ആഗോള വ്യവസായങ്ങളെ ആകർഷിക്കുന്നതിന് പര്യാപ്തമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

ജനസംഖ്യയുടെ 70 ശതമാനവും തൊഴിൽ ശേഷി പുലർത്തുന്നവരാണെന്ന ഇന്ത്യയുടെ ശേഷി പൂർണമായി പ്രയോജനപ്പെടുത്താൻ അദ്ദേഹം നിർദേശിച്ചു. സാമ്പത്തിക പുരോഗതിയും വിഭവശേഷിയും ഒത്തുചേരുമ്പോൾ വികസിത ഭാരതയാത്രയുടെ വേഗം കൂടുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. ഇന്ത്യയിൽ നിർമ്മിച്ചതെന്ന ലേബൽ ആഗോള മത്സരക്ഷമതയും മികവും പുലർത്തുന്നതിന്റെ പ്രതീകമായി മാറണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

യാത്രക്കാർക്ക് സഹായം നൽകുന്നതിനും പ്രതിസന്ധി ഘട്ടങ്ങളിൽ ഉപയോഗിക്കുന്നതിനുമായി 24 മണിക്കൂറും പ്രവർത്തന സജ്ജമായ പാസഞ്ചർ അസിസ്റ്റൻസ് കൺട്രോൾ റൂം ആരംഭിച്ചതായി സിവിൽ വ്യോമയാന മന്ത്രാലയം അറിയിച്ചു.

ഉഡാൻ ഭവനിൽ, മന്ത്രാലയവും, വ്യോമയാന ഡയറക്ടറേറ്റും, എയർപോർട്ട് അതോറിറ്റിയും, എയർലൈൻ ഓപ്പറേറ്റർമാരും സംയുക്തമായാണ് PACR പ്രവർത്തിക്കുന്നതെന്ന് സിവിൽ ഏവിയേഷൻ സെക്രട്ടറി സമീർ കുമാർ സിൻഹ പറഞ്ഞു.

✪✪✪

ഇന്ത്യയുടെ വികസന യാത്രയിലെ നിർണായക വർഷമാണ് 2025. നയങ്ങളെ പുരോഗതിയിലേക്കും, ലക്ഷ്യങ്ങളെ ഫലപ്രാപ്തിയിലേക്കും നയിച്ച വർഷത്തെക്കുറിച്ച് ആകാശവാണി 'പരിഷ്ക്കരണ വർഷം' പ്രത്യേക പരമ്പര.

......വോയ്സ്.....

രാജ്യരക്ഷാ രംഗത്ത് പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ദേശീയ സുരക്ഷാ ചട്ടക്കൂടിന് നിർണായക ഏകീകരണം 2025 ലാണുണ്ടായത്. ഭീകരപ്രവർത്തനങ്ങൾക്കെതിരെ അഞ്ച് ഉറച്ച നടപടികൾ ഗവൺമെന്റ് കൊണ്ടുവന്നു. ഭീകരാക്രമണങ്ങൾക്ക് ശക്തമായ തിരിച്ചടി, ആണവ ഭീഷണികളോട് സഹിഷ്ണുതയില്ലാത്ത പ്രതികരണം, ഭീകരപ്രവർത്തകരോടും അവരെ പിന്തുണയക്കുന്നവരോടും ഒരേ സമീപനം, ഏത് സംഭാഷണങ്ങളിലും ഭീകരവാദത്തിന് പ്രഥമ സ്ഥാനം, രാജ്യത്തിന്റെ പരമാധികാരത്തിൽ വിട്ടുവീഴ്ചയില്ലാത്ത നിലപാട് എന്നിവ.

ഓപ്പറേഷൻ സിന്ദൂറിലൂടെ ഈ ദൃഢനിശ്ചയം ഇന്ത്യ ലോകത്തെ ബോധ്യപ്പെടുത്തി.പഹൽഗാം ഭീകരാക്രമണത്തി നെതിരെ മെയ് ഏഴിന് ഏറ്റവും ശക്തമായ സൈനിക നടപടിയുണ്ടായി. പാക് അതിർത്തിക്കുള്ളിലെ ഭീകര അടിസ്ഥാന സൗകര്യങ്ങൾ ഇന്ത്യ തകർത്തു. നൂറോളം ഭീകരപ്രവർത്തകരെ കൊന്നൊടുക്കി. 11 പാക് വ്യോമ താവളങ്ങൾ മെയ് പത്തിന് കൃത്യതയോടെ തകർത്തു. രാജ്യത്തിന്റെ സൈനിക ശേഷി പ്രകടമാക്കിയ ആക്രമണം ലോക ശ്രദ്ധ തന്നെ പിടിച്ചു പറ്റി. ബ്രഹ്മോസ് സൂപ്പർസോണിക് മിസൈലുകളും, റഫേൽ യുദ്ധവിമാനങ്ങളും , ഡ്രോണുകളും ഉപയോഗിച്ച് ഏകീകൃതമായ തിരിച്ചടിയിൽ പാകിസ്ഥാൻ നിസ്സഹായരായി.

രാജ്യരക്ഷാ ഉത്പാദനങ്ങൾക്ക് ഒരു ലക്ഷത്തി 54,000കോടി രൂപ നീക്കി വെച്ചു. സൈനിക ബജറ്റ് ആറ് ലക്ഷത്തി 81,000 കോടി രൂപയായി ഉയർത്തുകയും ചെയ്തു.

✪✪✪

എറണാകുളം അടക്കം മൂന്ന് പ്രമുഖ റെയിൽവെ സ്റ്റേഷനുകളെ ദക്ഷിണ റെയിൽവെ വിപുലമായ വികസനത്തിന് തെരഞ്ഞെടുത്തു. കോച്ചിംഗ് ടെർമിനലുകളുടെ വിപുലീകരണം, സ്റ്റേഷൻ പുനർവികസനം, പുതിയ

ടെർമിനലുകൾ, മൾട്ടി-ട്രാക്ക് പദ്ധതികൾ എന്നിവ ഇവിടങ്ങളിൽ നടപ്പാക്കും. ചെന്നൈ, കോയമ്പത്തൂർ സ്റ്റേഷനുകളാണ് എറണാകുളത്തിന് പുറമെ വികസിപ്പിക്കുന്ന മറ്റ് കേന്ദ്രങ്ങൾ. വർദ്ധിച്ചുവരുന്ന യാത്രക്കാരുടെ ആവശ്യം നിറവേറ്റുന്നതിനും, തിരക്ക് കുറയ്ക്കുന്നതിനും, രാജ്യവ്യാപകമായ കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനുമാണ് ഇവയുടെ വിപുലീകരണമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

എറണാകുളം സ്റ്റേഷന്റെ രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കുന്ന പുനർവികസനത്തന് 150 കോടിയിൽ പരം രൂപ അനുവദിച്ചിട്ടുണ്ട്.

✪✪✪

കേന്ദ്രീകൃത ശ്രമങ്ങളും, നൂതനാശയങ്ങളും, തദ്ദേശീയ വൽക്കരണവും ഇന്ത്യൻ റെയിൽവേയെ ലോകോത്തര നിലവാരത്തിലെത്താൻ സഹായിച്ചുവെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു. അമൃത് ഭാരത് ട്രെയിനുകളിലൂടെ AC ക്ലാസ് ഇതര യാത്രക്കാർക്ക് സുഖകരമായ യാത്ര ഉറപ്പാക്കി. AC ക്ലാസ് യാത്രക്കാർക്കായി ആദ്യ വന്ദേ ഭാരത് സ്ലീപ്പർ ഉടൻ തന്നെ തുടങ്ങാൻ ഒരുങ്ങുകയാണെന്നും മന്ത്രാലയം വ്യക്തമാക്കി.

✪✪✪

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനത്തിന് മുന്നോടിയായി ഇന്ന് കോവളം ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ പ്രീലോഞ്ച് അന്താരാഷ്ട്ര ഗവേഷക സംഗമം നടത്തും. രാവിലെ മന്ത്രി വീണ ജോർജ്ജ് ഉദ്ഘാടനം ചെയ്യും. വിക്രം സാരാഭായി സ്പേസ് സെൻറർ മുൻ ഡയറക്ടറും മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവുമായ ഡോ. M. ചന്ദ്രദത്തൻ മുഖ്യാതിഥിയാകും.

✪✪✪

ജീവിത ശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിന് ചികിത്സയോടൊപ്പം ആരോഗ്യ പരിപാലനത്തിലും ശ്രദ്ധ പുലർത്തണമെന്ന് മന്ത്രി V.അബ്ദുറഹ്മാൻ ആവശ്യപ്പെട്ടു. ആരോഗ്യ ജീവിതശൈലി ഉറപ്പാക്കാൻ ആരോഗ്യ വകുപ്പും കായിക വകുപ്പും ചേർന്ന് സംഘടിപ്പിക്കുന്ന 'ആരോഗ്യം ആനന്ദം – വൈബ് ഫോർ വെൽനെസ്, ഹെൽത്തി ലൈഫ്' ക്യാംപയിന് മലപ്പുറം ജില്ലയിലെ കോട്ടയ്ക്കലിൽ ഒരുക്കിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

വിദ്യാർഥികളിൽ കലാ-സാംസ്കാരിക ബോധം വളർത്തിയെടുത്തില്ലെങ്കിൽ ലഹരി ഉപയോഗം അടക്കം ആപത്തുകളിലേക്ക് അവർ പോകാൻ സാധ്യതയുണ്ടെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. പട്ടികവർഗ വികസന വകുപ്പിന് കീഴിലെ മോഡൽ റെസിഡൻഷ്യൽ സ്കൂൾ വിദ്യാർഥികളുടെ സംസ്ഥാന കലാമേള 'സർഗോത്സവം 2025' കണ്ണൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

തിരുവനന്തപുരത്ത് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ത്യയ്ക്ക് വിജയം. 30 റൺസിനാണ് അഞ്ചു മൽസര പരമ്പരയിലെ നാലാം മത്സരത്തിലും ഇന്ത്യയുടെ തുടർച്ചയായ വിജയം.

തിരുവനന്തപുരത്ത് നിന്ന് സ്മിതി M പള്ളുരുത്തി...

........വോയ്സ്.........

റണ്ണുകൾ ഒഴുകിയ മൽസരത്തിൽ രണ്ടു വിക്കറ്റ് നഷ്ടത്തിൽ 221 റൺസ് എന്ന കൂറ്റൻ സ്കോറാണ് ഇന്ത്യ നേടിയത്. മറുപടി ബാറ്റിങ്ങിനിറങ്ങിയ ശ്രീലങ്ക ശക്തമായി പൊരുതിയെങ്കിലും ആറു വിക്കറ്റ് നഷ്ടത്തിൽ 191 റൺസ് എടുക്കാനേ സാധിച്ചുള്ളു. ആദ്യ അഞ്ച് ഓവറിൽ 50 റൺസ് കടന്ന ശ്രീലങ്ക തുടക്കത്തിൽ പ്രതീക്ഷകൾ ഉയർത്തിയെങ്കിലും അർധ സെഞ്ചറി നേടിയ ക്യാപ്റ്റൻ ചമാരി അട്ടപ്പട്ടുവിനെ പന്ത്രണ്ടാം ഓവറിൽ വൈഷ്ണവി ശർമ്മ പുറത്താക്കിയതോടെ ശ്രീലങ്കൻ പോരാട്ടത്തിന്റെ വീര്യം കുറഞ്ഞു. തുടർന്ന് നാലു വിക്കറ്റുകൾ വലിയ ഇടവേളകളില്ലാതെ വീണതോടെ ഇന്ത്യയുടെ വിജയവും ഉറപ്പായി. നേരത്തെ ആദ്യം ബാറ്റിങ്ങിനിറങ്ങിയ ഇന്ത്യ ആദ്യ പന്തു മുതൽ തന്നെ എതിരാളികളെ കടന്നാക്രമിക്കുകയായിരുന്നു. അവസാന ഓവറുകളിലും തകർപ്പൻ ബാറ്റിങ് തുടർന്നതോടെ ഇന്ത്യൻ സ്കോർ 221-ൽ എത്തി. പരമ്പരയിലെ അഞ്ചാമത്തേതും അവസാനത്തേതുമായ മൽസരം നാളെ നടക്കും.

✪✪✪

തലശ്ശേരി ബ്രണ്ണൻ കോളജിൽ ഇന്നലെ ആരംഭിച്ച മൂന്ന് ദിവസത്തെ ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസ് ഇന്നും തുടരും. കോൺഗ്രസിൽ 700 പ്രബന്ധങ്ങളാണ് അവതരിപ്പിക്കുന്നത്. ഇന്നലെ മുഖ്യമന്ത്രി പിണറായി വിജയൻ 84-ാമത് ഇന്ത്യൻ ചരിത്ര കോൺഗ്രസ് ഉദ്ഘാടനം ചെയ്തു. ചരിത്ര കോൺഗ്രസ് നാളെ സമാപിക്കും.

✪✪✪

മഹാകവി മോയിൻകുട്ടി വൈദ്യർ മഹോത്സവം കൊണ്ടോട്ടിയിൽ സമാപിച്ചു. സമാപന സമ്മേളനം മന്ത്രി V. അബ്ദുറഹിമാൻ ഉദ്ഘാടനം ചെയ്തു. അക്കാദമി ചെയർമാൻ ഡോ. ഹുസൈൻ രണ്ടത്താണി അധ്യക്ഷനായിരുന്നു.

✪✪✪

അവകാശികളില്ലാതെ അക്കൗണ്ടുകളിൽ കിടക്കുന്ന പണം യഥാർത്ഥ ഉടമയ്ക്ക് തിരികെ നൽകുന്നതിന് കണ്ണൂരിൽ ഇന്ന് പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കുന്നു. ലീഡ് ബാങ്കിന്റെ നേതൃത്വത്തിലാണ് ക്യാമ്പ്.

കണ്ണൂരിൽ നിന്ന് KO.ശശിധരൻ ......

(വോയ്സ്)......

10 വർഷത്തിലേറെ അവകാശികളില്ലാതെ ദേശ സാൽകൃത ബാങ്കുകളിലും ധനകാര്യ സ്ഥാപനങ്ങളിലും കെട്ടി കിടക്കുന്ന തുകയാണ് യഥാർത്ഥ അവകാശിക്കോ അവകാശികളായ കുടുംബാംഗങ്ങൾക്കോ കൈമാറുന്നത്. കണ്ണൂർ ജില്ലയിൽ ഇത്തരത്തിൽ അവകാശികളില്ലാതെ 164 കോടി രൂപ അക്കൗണ്ടുകളിൽ കിടക്കുന്നുണ്ട്.851668 അക്കൗണ്ടുകളിലായാണ് ഇത്രയും തുകയുള്ളത്. നിങ്ങളുടെ പണം നിങ്ങളുടെ അവകാശം എന്ന പേരിൽ ആർബിഐ സെബി,ഐആർ ഡി എ ഐ. പി.എഫ് ആർ.ഡി എ. എന്നിവയുടെ സഹകരണത്തോടെ ഇന്ന് ഉച്ചയക്ക് ശേഷം കണ്ണൂർ മലബാർ റസിഡൻസിയിലാണ് ക്യാമ്പ്.ഉദ്ഗം പോർട്ടലിലൂടെ അവകാശങ്ങൾ സമർപ്പിക്കാനാവുമെന്ന് ലീഡ് ബാങ്ക് ജില്ലാ മാനേജർ ഡോ.കെ.എസ് രഞ്ചിത്ത് അറിയിച്ചു.

✪✪✪

നിലമ്പൂർ വനമേഖലയിലെ ചാലിയാറിൽ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് സ്വർണം അരിച്ചെടുക്കുകയായിരുന്ന ഏഴംഗ സംഘത്തെ വനപാലകർ പിടികൂടി. മോട്ടോർ ഉൾപ്പെടെ തൊണ്ടി സാധനങ്ങളും കണ്ടെടുത്തു. ആയിരവല്ലിക്കാവ് വനത്തിലാണ് സംഭവം. പ്രതികളെ അറസ്റ്റ് രേഖപ്പെടുത്തി ജാമ്യത്തിൽ വിട്ടു.

✪✪✪

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റ് സീസൺ അഞ്ച് സമാപിച്ചു. മൂന്നു ദിവസം കരയിലും കടലിലും ആകാശത്തും ആവേശം തീർത്ത ഫെസ്റ്റിൽ പങ്കെടുക്കാനും കലാപ്രകടനങ്ങൾ ആസ്വദിക്കാനും ആയിരങ്ങൾ ഒഴുകിയെത്തി. മന്ത്രി PA മുഹമ്മദ് റിയാസ് വ്യത്യസ്ത മേഖലയിൽ പ്രവർത്തിക്കുന്നവരെ ആദരിച്ചു. ഫെസ്റ്റിലെ ഭക്ഷ്യമേള ഇന്ന് സമാപിക്കും.

✪✪✪

തൃശൂർ വിയ്യൂർ സെൻട്രൽ ജയിലിൽ നിന്ന് തടവ് ചാടിയ കുപ്രസിദ്ധ കുറ്റവാളി ബാലമുരുകൻ പിടിയിലായി. ട്രിച്ചിക്ക് സമീപം ബൈക്കിൽ സഞ്ചരിക്കുന്നതിനിടെയാണ് ഇയാളെ പൊലീസ് അറസ്റ്റ് ചെയ്തത്. കൊലപാതകം അടക്കം 50- ലധികം ക്രിമിനൽ കേസുകളിൽ പ്രതിയാണ് ബാലമുരുകൻ. ഇയാളെ തെങ്കാശി കോടതിയിൽ ഹാജരാക്കി.

✪✪✪

കാസർഗോഡ് റവന്യൂ ജില്ലാ സ്കൂൾ കലോത്സവത്തിന്റെ സ്റ്റേജ് മൽസരങ്ങൾ ഇന്നാരംഭിക്കും. ബുധനാഴ്ച വരെ മൊഗ്രാൽ ഗവ. വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിലാണ് കലോത്സവം. 13 വേദികളിലെ 238 ഇനങ്ങളിൽ 4000ത്തോളം കലാപ്രതിഭകൾ പങ്കെടുക്കും.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: അനിൽ ചന്ദ്രൻ*
*NRTs: സബിത കെ*
*DEO : സി കെ സുബോധ്*